# ‘മനുഷ്യൻ - ദൈവം = ശൂന്യം (പാഴ്)’

## യെശയ്യാവു 40:29

“അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു.”

ഒരു മനുഷ്യന്റെ യഥാർത്ഥ അവസ്ഥ എന്തെന്നു ആരെങ്കിലും നമ്മോട് ചോദിച്ചാൽ നമുക്ക് ചിലപ്പോൾ അതിന്നു പെട്ടെന്ന് ഒരു ഉത്തരം പറയാൻ കഴിഞ്ഞെന്നു വരികില്ല കാരണം നാമും നമ്മുടെ ജീവിതത്തിൽ പല തരത്തിലുള്ള അവസ്ഥയിൽ കൂടി കടന്നു പോകുന്നവരാണ്. എന്നാൽ ഒന്നു ചിന്തിച്ചു നോക്കിയേ, വാസ്തവത്തിൽ എന്തായിരിക്കും ഒരു മനുഷ്യന്റെ യഥാർത്ഥ അവസ്ഥ?

നാം നമ്മുടെ ചിന്തക്കുള്ള വചനഭാഗത്ത് 2 തരക്കാരെയാണ് കാണുന്നത്. ഒന്ന്, ക്ഷീണിച്ചിരിക്കുന്നവർ മറ്റൊന്ന് ബലമില്ലാത്തവർ. ക്ഷീണിച്ചിരിക്കുന്നവർക്ക് ശക്തിയും ബലമില്ലാത്തവർക്ക് ബലവും അവൻ (ദൈവം) കൊടുക്കുന്നു എന്നു വചനം പറയുമ്പോൾ അതിൽ നിന്നും വ്യക്തമാണ് ദൈവമില്ലാത്ത മനുഷ്യന്റെ അവസ്ഥ വെറും ഒരു പാഴ്വസ്തുവിന്നു തുല്ല്യമാണെന്ന്. അപ്പോൾ മനുഷ്യന്റെ യഥാർത്ഥ അവസ്ഥ എന്നു പറയുന്നത് ഒരു പാഴ്വസ്തുവിന്നു തുല്ല്യം എന്നു നമുക്ക് അനുമാനിക്കാം. അതിലേക്ക് ദൈവത്തിന്റെ ശക്തിയും ബലവും പകരപ്പെടുമ്പോൾ മാത്രമാണ് അവൻ മനുഷ്യന്റെ, ദൈവത്തിന്റെ സർവ്വചൈതന്യത്തിലും മനുഷ്യനായി വിളങ്ങുന്നത്.

മനുഷ്യന് തന്റെ ഈ ലോകജീവിതം വളരെ എളുപ്പവും യാതൊരു കഷ്ടതയും പ്രയാസവും ഏറിയതായിരിക്കുകയില്ല എന്ന് ദൈവം ഒരിക്കലും വാഗ്ദത്തം ചെയ്തിട്ടില്ല. അവൻ ഉറപ്പ് തന്ന ഒരു കാര്യമുണ്ട്, നിന്റെ ഏതു കഷ്ടതയിലും, പ്രയാസത്തിലും, പ്രതിസന്ധിയിലും ഞാൻ നിനക്ക് താങ്ങും തണലുമായി കൂടെയുണ്ടാവും എന്ന്.

യോഹന്നാൻ 16:33 “നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.”

ഈ ലോക ജീവിതത്തിൽ നാം ആയിരിക്കുമ്പോൾ ചില സമയങ്ങളിൽ നമ്മുടെ ജീവിതത്തിൽ നാം പല പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ തളർന്നു പോയെന്നു വരാം. അതു ഈ പാപലോകത്തിൽ നമ്മുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഭാഗമാണ്. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവന്റെ/അവളുടെ ജീവിതത്തിൽ ഒരു

ഉറപ്പുള്ളതെന്തെന്നുവെച്ചാൽ തങ്ങൾ വിശ്വസിക്കുന്ന ദൈവം ഏത് പ്രതിസന്ധി ഘട്ടത്തിലും തങ്ങളോടൊപ്പമുണ്ടെന്നുള്ളതാണ്. അത് ദൈവത്തെ അറിയാത്ത അല്ലെങ്കിൽ അറിഞ്ഞിട്ടും രക്ഷയുടെ അനുഭവത്തിലേക്ക് വന്നിട്ടില്ലാത്ത ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം വെറും നിസ്സാരമായ കാര്യമായിരിക്കും. ദൈവത്തെ അറിഞ്ഞ് അവന്റെ വചനപ്രകാരം ജീവിക്കുന്നവർക്ക് അവരുടെ ജീവിതത്തെക്കുറിച്ച് ഒരു വ്യക്തത കാണും കാരണം, റോമർ 8:28ൽ പറയുന്നതുപോലെ അവരെ വിളിച്ചിരിക്കുന്ന വിശ്വസ്തനായ ദൈവം അവരുടെ ജീവിതത്തിൽ സർവ്വവും നന്മയ്ക്കായി മാത്രം വരുത്തും എന്നുള്ള ഒരു ഉറപ്പവർക്കുണ്ട്.

അങ്ങനെയാണെങ്കിലും, നമ്മുടെ ജീവിതം നാം വിചാരിക്കുന്ന രീതിയിൽ മുന്നോട്ട് പോകും എന്നൊരു തോന്നൽ അവിടെ ഉണ്ടാകാൻ പാടില്ല, കാരണം വിളിച്ചവന്റെ വിളിക്കു യോഗ്യമാം വണ്ണം നമ്മുടെ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാൻ അവന്നു ചില പദ്ധതികൾ നമ്മുടെ ജീവിതത്തെ കൊണ്ടുണ്ട്. ആ പദ്ധതിക്കു അനുയോജ്യമാം വണ്ണം അവനോട് ആലോചന ചോദിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുകയാണ് നാം ചെയ്യേണ്ടത്. അത് സാധ്യമാകുന്നതോ നമ്മിൽ ആവസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ്. നാം നമ്മുടെ ജീവിതത്തിൽ ഓരോ കാര്യവും ചെയ്യുമ്പോൾ അവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാണ് നാം അതു അതിന്റേതായ രീതിയിലും വ്യക്തതയിലും ചെയ്യുന്നത്. അതു നമ്മുടെ മാത്രം കഴിവാണ് എന്നു ചിന്തിച്ചാൽ നമുക്ക് തെറ്റി; കാരണം ദൈവത്തെ കൂടാതെയുള്ള മനുഷ്യൻ എന്നു പറയുന്നത് തീർത്തും ക്ഷീണിതന്നും, ബലമില്ലാത്തവനും ആയിരിക്കും.

നമ്മുടെ ജീവിതത്തിൽ ഒന്ന് തിരിഞ്ഞു നോക്കിയാൽ നമുക്ക് മനസ്സിലാകും, നാം എന്തെങ്കിലും കാര്യത്തിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ എന്തെങ്കിലും പ്രശ്നങ്ങളിൽ ചെന്നുപെടുകയോ ചെയ്യുമ്പോൾ അതിന്റെ കാരണം ആ സമയത്ത് നാം ദൈവത്തിൽ നിന്ന് വളരെ അകന്നായിരിക്കും ജീവിക്കുന്നത് അല്ലെങ്കിൽ നാം പ്രവർത്തിച്ചത് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നിന്നും തെറ്റിയായിരിക്കും. എന്നാൽ എന്തു പ്രശ്നമായാലും പ്രതിസന്ധിയായാലും ദൈവത്തിൽ നിന്നും അവന്റെ ആലോചനകളിൽ നിന്നും മാറി സഞ്ചരിക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ താളം തെറ്റുകയും അത് വളരെ അരോചകമായി മാറുകയും ചെയ്യും. കാരണം നമ്മെ നാം ആയിരിക്കുന്ന അവസ്ഥയിൽ ശക്തിപ്പെടുത്തുകയും ബലം പകരുകയും ചെയ്യുന്നത് നമ്മുടെ ദൈവമാണ്. അതു കൊണ്ട് ആ ദൈവത്തിന്റെ ആലോചനകൾക്കും ദൈവീക പദ്ധതികൾക്കുമായി കാതോർക്കാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധ റൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 7:5-6

“ശത്രു എന്റെ പ്രാണനെ പിന്തുടർന്നു പിടിക്കട്ടെ; അവൻ എന്റെ ജീവനെ നിലത്തിട്ടു ചവിട്ടട്ടെ; എന്റെ മാനത്തെ പൂഴിയിൽ തള്ളിയിടട്ടെ. യഹോവേ, കോപത്തോടെ എഴുന്നേൽക്കേണമേ; എന്റെ വൈരികളുടെ ക്രോധത്തോടു എതിർത്തു നിൽക്കേണമേ; എനിക്കു വേണ്ടി ഉണരേണമേ; നീ ന്യായവിധി കൽപ്പിച്ചുവല്ലോ.’’

ബ്രദർ ബിനു ബേബി ആലപ്പുഴ 023